Break the Chain
കൈവിടാതിരിക്കാം... കൈ കഴുകാം...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

**(ഭരണവിഭാഗം)**

**നം. 861/2020/അഡ്മിൻ(1)** **തീയതി: 04.01.2021**

# വിജ്ഞാപനം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ താഴെ കൊടുത്തിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു (ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ഓഫ്ലൈനായി അപേക്ഷിക്കുകയും വേണം).

| തസ്തികാനാമം | ഒഴിവുകളുടെ എണ്ണം | ശമ്പളസ്കെയിൽ |
|---|---|---|
| പ്രൊഫസർ<br>1. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ | 1 (ഒന്ന്) | 7th യു.ജി.സി. പേ ബാൻഡ് അക്കാദമിക് ലെവൽ 14 |
| 2. വിവർത്തനം-താരതമ്യപഠനം (എഴുത്തച്ഛൻ പഠനസ്കൂൾ) | 1 (ഒന്ന്) | |

**പൊതു നിബന്ധനകൾ:**

**I. അപേക്ഷകർ മലയാളത്തിൽ അധ്യാപനം നിർവഹിക്കാൻ പ്രാപ്തിയുള്ളവരായിരിക്കണം.**

**II. ഉയർന്ന പ്രായപരിധി:** 2018 ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം

**III.** ഗവേഷണം പൂർത്തിയാക്കാനെടുത്ത കാലയളവ് അധ്യാപന പരിചയത്തിനായി പരിഗണിക്കുന്നതല്ല.

**IV. വിദ്യാഭ്യാസയോഗ്യതകൾ:**

എ) i. ബന്ധപ്പെട്ട അനുബന്ധ/പ്രയുക്ത വിഷയത്തിൽ പിഎച്ച്.ഡി. യും ഉന്നതനിലവാരം പുലർത്തുന്ന പ്രസിദ്ധീകരണങ്ങളും. (കുറഞ്ഞപക്ഷം 10 ആധികാരിക പുസ്തകങ്ങളോ ഈടുറ്റ പ്രബന്ധങ്ങളോ) ഉണ്ടായിരിക്കണം. കൂടാതെ യു.ജി.സി. റഗുലേഷൻസ് 2018 അനുബന്ധം II ടേബിൾ 2 അനുശാസിക്കുന്ന അക്കാദമിക് മികവിന്റെ സൂചികയിൽ അവശ്യം വേണ്ട 120 സ്കോർ.

ii. സർവകലാശാല/കോളേജ് തലത്തിൽ അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ചുരുങ്ങിയത് 10 വർഷത്തിൽ കുറയാതെയുള്ള അധ്യാപന പരിചയവും സർവകലാശാലാതലത്തിലോ ദേശീയതലത്തിലോ ഉള്ള സ്ഥാപനങ്ങളിൽ തത്തുല്യ നിലയിൽ ഉള്ള വിജയകരമായ ഗവേഷണ മേൽനോട്ടപരിചയവും. (ഇവയിലേതെങ്കിലുമോ)

അല്ലെങ്കിൽ

ബി. ബന്ധപ്പെട്ട/അനുബന്ധ/പ്രയുക്ത വിഷയത്തിൽ (മേൽ കൊടുത്തിട്ടുള്ള, ഏ യിൽ ഉൾപ്പെടാത്ത) ഏതെങ്കിലും അക്കാദമിക് റിസർച്ച് സ്ഥാപനങ്ങളിൽ നിന്നോ/ വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള പിഎച്ച്.ഡി. ബിരുദം നേടിയ വ്യക്തിയും, ബന്ധപ്പെട്ട വിഷയത്തിൽ വൈജ്ഞാനിക മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയതിന് ഈ രംഗത്ത് പത്തു വർഷത്തെ പരിചയം കാണിച്ചുകൊണ്ടുള്ള രേഖാപരമായ തെളിവുകൾ

**അഭിലഷണീയം:**

പരിഭാഷാ-താരതമ്യപഠനം: ഭാഷാശാസ്ത്രത്തിലുള്ള പാണ്ഡിത്യവും പരിഭാഷാരംഗത്തെ പരിചയവും.

**V. മാർക്ക് ഇളവ്:**

ബിരുദാനന്തരബിരുദത്തിൽ 55% മാർക്ക് വേണമെന്ന നിബന്ധന എസ്.സി./എസ്.ടി. അപേക്ഷകരുടെ കാര്യത്തിൽ 50% ആയിരിക്കും. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ കാര്യത്തിലും മിനിമം മാർക്കിലുള്ള ഈ കുറവ് ബാധകമായിരിക്കും.

**VI. തെരഞ്ഞെടുപ്പ് രീതി:**

അർഹരായ അപേക്ഷകരെ ഇന്റർവ്യൂവിന് വിളിക്കുന്നതാണ്. നിയമാനുസൃതം രൂപീകൃതമായ തെരഞ്ഞെടുപ്പുസമിതികളുടെ തീരുമാനം അന്തിമമായിരിക്കും. ഏതെങ്കിലും രീതിയിലുള്ള ബാഹ്യ ഇടപെടലുകൾ അയോഗ്യതയായി പരിഗണിക്കും.

**VII. സാമുദായിക സംവരണം:**

സംവരണതത്വങ്ങൾ പൂർണമായി പാലിച്ചുകൊണ്ടായിരിക്കും നിയമനങ്ങൾ നടത്തുക.

**VIII. അപേക്ഷ സമർപ്പിക്കേണ്ട വിധം:**

അപേക്ഷയുടെ മാതൃക **www.malayalamuniversity.edu.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈനായും ഓഫ്ലൈനായും അയക്കേണ്ടതാണ്. ഫീസ് ഓൺലൈൻ ആയിത്തന്നെ അടയ്ക്കണം. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരിച്ചു തരികയോ മറ്റാവശ്യങ്ങൾക്കായി ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

**IX. അപേക്ഷാ ഫീസ് :**

3000 രൂപ (എസ്.സി./എസ്.ടി.: 300 രൂപ)

**X. ഓൺലൈനായി അപേക്ഷ ലഭിക്കേണ്ട അവസാന തീയതി:**

05.02.2021 ന് വൈകുന്നേരം 5 മണിക്ക് മുൻപ്

**XI. വെബ്സൈറ്റ് അഡ്രസ്സ് :**

**www.malayalamuniversity.edu.in**

**XII. ബാങ്കിന്റെ വിശദാംശങ്ങൾ:**

ബാങ്കിന്റെ പേര് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

ശാഖ : തിരൂർ ടൗൺ

അക്കൗണ്ട് നമ്പർ : 32709117532

IFSC : SBIN0008678

**XIII. മറ്റു നിബന്ധനകൾ:**

എ) കേരള സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും യോഗ്യത നേടിയവർ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

ബി) പരിഗണിക്കപ്പെടേണ്ട പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. പ്രസിദ്ധീകരണങ്ങളുടെ ഒറിജിനൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

സി) ഓൺലൈനായി സമർപ്പിച്ച അപേക്ഷ, ഓഫ്ലൈൻ അപേക്ഷ, ചലാൻ രശീതി, പ്രായം, യോഗ്യത, ഫീസിളവിനുള്ള അർഹത, പ്രവൃത്തിപരിചയം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ/സാക്ഷ്യപത്രങ്ങൾ തുടങ്ങിയവയുടെ പ്രിന്റൗട്ട് എടുത്ത് സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ 1 സെറ്റ് തയ്യാറാക്കി (6 സെറ്റ് അഭിമുഖം നടക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്) **രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല, വാക്കാട് പി.ഒ., തിരൂർ – 676 502, മലപ്പുറം ജില്ല, കേരള** എന്ന വിലാസത്തിൽ 10.02.2021 ന് വൈകുന്നേരം 5 മണിക്കകം ലഭ്യമാകത്തക്കവിധം അയച്ചുതരേണ്ടതാണ്. ഇവ അയക്കുന്ന കവറിനു പുറത്ത് **"പ്രൊഫസർ തസ്തികയിലേയ്ക്കുള്ള അപേക്ഷ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. സാക്ഷ്യപ്പെടുത്തിയ പകർപ്പുകളല്ലാതെ സർട്ടിഫിക്കറ്റുകളുടെയും/സാക്ഷ്യപത്രങ്ങളുടെയും അസ്സലുകൾ യാതൊരു കാരണവശാലും അയക്കാൻ പാടുള്ളതല്ല.

**ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ട അനുബന്ധ രേഖകൾ:**

(1) യോഗ്യതകളും വയസ്സും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ

(2) ഒ.ബി.സി. വിഭാഗത്തിലുള്ള അപേക്ഷകർ അവർക്ക് സംവരണ ആനുകൂല്യം ലഭിക്കുന്നതിനുള്ള ക്രീമിലെയർ സർട്ടിഫിക്കറ്റ്

(3) മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ആ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നിരാക്ഷേപ സർട്ടിഫിക്കറ്റ് (NOC)

നിയമനപ്രക്രിയ ആരംഭിക്കുന്നതിനു മുൻപോ, നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്കോ, നടന്നതിനു ശേഷമോ എപ്പോൾ വേണമെങ്കിലും അപേക്ഷാ ഫീസ് തിരിച്ചുനൽകാതെയും പ്രത്യേകിച്ച് കാരണമൊന്നും കാണിക്കാതെയും, അപേക്ഷകരെ നേരിട്ട് അറിയിക്കാതെയും നിയമനപ്രക്രിയയും ഈ വിജ്ഞാപനം തന്നെയും റദ്ദു ചെയ്യുന്നതിന് സർവകലാശാലയ്ക്ക് പൂർണമായ അധികാരമുണ്ടായിരിക്കും.

അപൂർണവും നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

രജിസ്ട്രാർ